"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ-ശിശു വികസന വകുപ്പ് — കാണാതായ കുട്ടികളെയും മനുഷ്യക്കടത്തുമായും ബന്ധപ്പെട്ട SOP തയ്യാറാക്കുന്നതിനായി ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ദക്ഷിണ മേഖലാ (Southern Zone) കൂടിയാലോചന യോഗത്തിൽ പങ്കെടുക്കുന്നതിന് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലെ പ്രോഗ്രാം മാനേജർ ശ്രീ. കെ. കൃഷ്ണമൂർത്തിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.230/2026/WCDD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- 1. 16.02.2019-ലെ സ. ഉ.(പി) നം. 12/2019/ധന

2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 03.07.2026 ലെ DWCD/2961/2026-ICPS 15നം കത്ത്

**<u>ഉത്തരവ്</u>**

ബഹുമാനപ്പെട്ട സുപ്രീം കോടതി SLP (Crl.) No.11263/2025 (G. Ganesh vs. State of Tamil Nadu & Ors.) കേസിൽ നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, കാണാതാകുന്ന കുട്ടികളെയും മനുഷ്യക്കടത്തിനെയും സംബന്ധിച്ച വിഷയങ്ങളിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) തയ്യാറാക്കുന്നതിനാവശ്യമായ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുന്നതിനായി 11.07.2026-ന് രാവിലെ 11.00 മണിക്ക് ന്യൂഡൽഹിയിൽ വച്ച് നടക്കുന്ന ദക്ഷിണ മേഖലാതല (Southern Zone) കൂടിയാലോചന യോഗത്തിൽ സംസ്ഥാന വനിതാ-ശിശു വികസന വകുപ്പിന്റെ പ്രതിനിധിയായി Missing Children/Child Trafficking/Human Trafficking മായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള വനിതാ ശിശു വികസന വകുപ്പിന്റെ നോഡൽ ഓഫീസർ കൂടിയായ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലെ പ്രോഗ്രാം മാനേജർ ശ്രീ. കെ. കൃഷ്ണമൂർത്തിക്ക് പങ്കെടുക്കുന്നതിന് അനുമതിയും, പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിനായി ന്യൂഡൽഹിയിലേക്കും തിരിച്ചും വിമാനമാർഗ്ഗം യാത്ര ചെയ്യുന്നതിനുള്ള അനുമതിയും അർഹമായ യാത്രാബത്ത (Air Fare ഉൾപ്പെടെ) മിഷൻ വാത്സല്യ പദ്ധതിയുടെ Administrative Expenses - Component-ൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലെ പ്രോഗ്രാം മാനേജറും Missing Children/Child Trafficking/Human Trafficking മായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള വനിതാ ശിശു വികസന വകുപ്പിന്റെ നോഡൽ ഓഫീസറുമായ കെ. കൃഷ്ണമൂർത്തിക്ക് 11.07.2026-ന് രാവിലെ 11.00 മണിക്ക്

ന്യൂഡൽഹിയിൽ വച്ച് നടക്കുന്ന, കാണാതാകുന്ന കുട്ടികളെയും മനുഷ്യക്കടത്തിനെയും സംബന്ധിച്ച വിഷയങ്ങളിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) തയ്യാറാക്കുന്നതിനാവശ്യമായ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുന്നതിനായുള്ള ദക്ഷിണ മേഖലാതല (Southern Zone) കൂടിയാലോചന യോഗത്തിൽ പങ്കെടുക്കുന്നതിനും, ആയതിലേക്കായി ന്യൂഡൽഹിയിലേക്കും തിരിച്ചും വിമാന മാർഗ്ഗം യാത്ര ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

3.പ്രസ്തുത ഉദ്യോഗസ്ഥനുള്ള അർഹമായ യാത്രാബത്ത (Air Fare ഉൾപ്പെടെ) മിഷൻ വാത്സല്യ പദ്ധതിയുടെ Administrative Expenses Component-ൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

1.ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ
3. അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ
5. കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 08-07-2026 10:54:13